ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ചികിത്സാധന സഹായം നൽകുന്ന പദ്ധതി നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ നിന്നും തൊഴിലാളികൾക്ക് ചികിത്സാ സഹായം നൽകുന്നതിന് സർക്കാർ ആശുപത്രികളും സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റ് ആശുപത്രികളും ബോർഡ് നിശ്ചയിക്കുന്ന ആശുപത്രികളും പരിഗണിക്കുന്നുണ്ട്.

(ബി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി

52 (1204) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തികകളിൽ പൊതുവിഭാഗത്തിലും വിദഗ്ദ്ധ ചികിത്സാ വിഭാഗത്തിലും എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിഭാഗം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) ഡോക്ടർമാരുടെ അഭാവം മൂലം രോഗികളായ തൊഴിലാളികൾക്ക് ഉണ്ടാകുന്ന വിഷമതകൾ കണക്കാക്കി ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള 21 മെഡിക്കൽ ഓഫീസർമാരുടെ തസ്തികകളിൽ (സൂപ്രണ്ട് 1, പൊതുവിഭാഗം-13, സ്പെഷ്യലിസ്റ്റ് 7) പൊതുവിഭാഗത്തിൽ 7 പേരുടെ ഒഴിവും, സ്പെഷ്യലിസ്റ്റ് വിഭാഗത്തിൽ ഒരൊഴിവുമാണ് (സർജൻ) നിലവിലുള്ളത്.

(ബി) പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

പണിപൂർത്തീകരിച്ച ജലസേചന പദ്ധതികൾ

53 (1205) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2000-2001 വർഷത്തിൽ പണിപൂർത്തീകരിച്ച ജലസേചന പദ്ധതികൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം എത്ര ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമായി ;

(സി) ഇതിന്റെ ഫലമായി നെൽക്കൃഷി രംഗത്ത് എത്ര വിള വർദ്ധനവുണ്ടാകും. വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2000-2001 വർഷത്തിൽ വൻകിട ജലസേചന പദ്ധതികൾ ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ 2000-2001 വർഷത്തിൽ 269 ചെറുകിട ജലസേചന പദ്ധതികൾ പൂർത്തീകരിച്ചു.

(ബി) ഇതുമൂലം 3686 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(സി) കൃഷിവകുപ്പിൽ നിന്ന് വിവരം ശേഖരിച്ചു നല്കുന്നതാണ്.

വൈദ്യുതി ബോർഡിൽ കൺസൾട്ടന്റിന് നല്കിയിട്ടുള്ള സൗകര്യങ്ങൾ

54 (1206) ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുള്ള എസ്.എൻ.സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിയുടെ ഉദ്യോഗസ്ഥന്മാർക്ക് തിരുവനന്തപുരത്ത് താമസിക്കുന്നതിന് വേണ്ടി എന്തെല്ലാം സൗകര്യങ്ങൾ വൈദ്യുതി ബോർഡ് ചെയ്ത് കൊടുത്തിട്ടുണ്ട് ;

(ബി) അവർ താമസിക്കുന്ന കെട്ടിടത്തിന്റെ വാടക എത്രയാണ് ; ആ വാടക കൊടുക്കുന്നത് ആരാണ് ;

(സി) പ്രസ്തുത കെട്ടിടം നവീകരിക്കുന്നതിനും മോടിപിടിപ്പിക്കുന്നതിനും മറ്റുമായി വൈദ്യുതി ബോർഡ് എന്തു തുക ഇതുവരെ ചെലവാക്കി ;

(ഡി) ഈ ഉദ്യോഗസ്ഥന്മാരുടെ ഓഫീസിനായി വൈദ്യുതി ബോർഡിന്റെ ആസ്ഥാനമന്ദിരത്തിൽ എത്ര ചതുരശ്ര അടി സ്ഥലം നൽകിയിട്ടുണ്ട് ;

(ഇ) ഇവിടെ ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള പണി നടത്തുന്നതിനും ഉപകരണങ്ങൾ നല്കുന്നതിനുമായി എന്തു തുക ചെലവഴിച്ചു ;

(എഫ്) ഇവർക്ക് സഞ്ചരിക്കുന്നതിനുള്ള എത്ര വാഹനങ്ങൾ നൽകിയിട്ടുണ്ട് ; അതിന് എ.സി. സൗകര്യം ഏർപ്പെടുത്തിയതുൾപ്പെടെ എന്തു ചെലവ് വന്നിട്ടുണ്ട് ;

(ജി) ഈ വാഹനങ്ങൾക്ക് ഡ്രൈവർമാർക്ക് ശമ്പളം, അലവൻസ്, റ്റി.എ., ഡി.എ. ഇനത്തിൽ പ്രതിമാസം എന്തു തുക ചെലവാക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly